സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

കെ.എസ്.ആർ. ഭാഗം - 1, അനുബന്ധം XII –A / XII-C പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവാദമുള്ള ശൂന്യവേതനാവധി ചുരുക്കിയത് - തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ: **ROC No. 14277/13/Est-1** നന്തൻകോട്, **01/02/2021**

പരാമർശം :- 1) 05-11-2020 ലെ സ.ഉ.(പി) നം. 152/2020/ധന
2) 30-12-2020 ലെ 83/2020/ധന നമ്പർ ഗവൺമെന്റ് സർക്കുലർ.

ഉത്തരവ്

സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട മറ്റ് ജോലികളിൽ ഏർപ്പെടുന്നതിന് കെ.എസ്.ആർ, ഭാഗം 1, അനുബന്ധം XII-A പ്രകാരവും വിദേശത്തോ സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെ.എസ്.ആർ, ഭാഗം 1, അനുബന്ധം XII-C പ്രകാരവും നിലവിൽ ഒരു ഘട്ടത്തിൽ 5 വർഷം എന്ന തരത്തിൽ പരമാവധി 20 വർഷം വരെ അനുവദിച്ചുവരുന്ന ശൂന്യവേതനാവധി പരാമർശം 1 ഉത്തരവുപ്രകാരം സർവ്വീസ് കാലയളവിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി.

പ്രസ്തുത ഭേദഗതി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കിയും കെ.എസ്.ആർ, ഭാഗം 1 അനുബന്ധം XII–A / XII-C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ബോർഡുത്തരവാകുന്നു.

1. കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A, XII-C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05-11-2020 മുതൽ പ്രാബല്യത്തിൽ പരമാവധി അഞ്ചു വർഷമായിരിക്കും. അവധി അവസാനിക്കുന്നമുറയ്ക്ക്; അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നപക്ഷം കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

...2

2. 05-11-2020 ന് ശേഷം ലഭിക്കുന്ന അപേക്ഷകളിൽ പുതുതായി അഞ്ചു വർഷത്തേക്ക് അവധി അനുവദിക്കുകയോ സർവ്വീസ് കാലയളവിൽ ആകെ അവധി അഞ്ചു വർഷം വരെ ദീർഘിപ്പിക്കുകയോ ചെയ്ത് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ യാതൊരു കാരണവശാലും 5 വർഷത്തിനുമേൽ പ്രസ്തുത അവധി ദീർഘിപ്പിക്കുകയില്ല എന്നും 5 വർഷത്തിനുശേഷം ജോലിയ്ക്ക് ഹാജരാകാതിരുന്നാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കേണ്ടതാണ്.

3. അഞ്ച് വർഷത്തിലധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 15-11-2020 തീയതിയ്ക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നവർക്കെതിരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-A ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05-11-2020 ന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ, അപേക്ഷകർ തൊഴിൽദാതാവുമായി ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള പക്ഷം കരാറിന്റെ പകർപ്പ് സഹിതം ഉചിതമാർഗ്ഗേണ വകുപ്പുതലവന്റെ വ്യക്തമായ ശുപാർശയോടെ ബോർഡിലേക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ അർഹതയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതായിരിക്കും.

5. കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-C പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05-11-2020 ന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഉചിതമാർഗ്ഗേണ വകുപ്പുതലവന്റെ വ്യക്തമായ ശുപാർശയോടെ ബോർഡിലേക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ അർഹതയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതായിരിക്കും.

6. കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A, XII-C ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധിയിലായിരുന്നതും എന്നാൽ അനുവദിച്ച കാലയളവിന് ശേഷവും അവധി അപേക്ഷ സമർപ്പിക്കാതെയും സർവ്വീസിൽ തിരികെ പ്രവേശിക്കാതെയും നിലവിൽ അനധികൃതമായി

...3

അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-A ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ വകുപ്പുതലവൻമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. മിനിറ്റ്സ് സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK